"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി അനുശ്രീ.എസ്.എസ്. - ന്റെ ജനന തീയതി സർവ്വീസ് രേഖകളിൽ തിരുത്തൽ വരുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.440/2024/AGRI തീയതി,തിരുവനന്തപുരം, 17-05-2024

---

പരാമർശം:-

1. പരീക്ഷാ ഭവൻ ജോയിന്റ് കമ്മീഷണറുടെ 10/05/2019 ലെ K.Dis/Ex.B3-60755/2018/CGE നമ്പർ നടപടിക്രമം
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 04/2024 ലെ SD(1) 1767/2022 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി ആഫീസറായി കണ്ണൂർ ജില്ലയിലെ ഉദയഗിരി കൃഷി ഭവനിൽ 16.05.2018-ൽ ജോലിയിൽ പ്രവേശിച്ച് നിലവിൽ തിരുവനന്തപുരം ജില്ലയിലെ വെമ്പായം കൃഷി ഭവനിൽ കൃഷി ആഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി അനുശ്രീ.എസ്.എസ് തന്റെ ജനന തീയതി 12.05.1993 എന്നാണ് സർവ്വീസ് രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും എന്നാൽ യഥാർത്ഥ ജനന തീയതി 12/01/1993 ആണെന്നും ആയത് പരാമർശം (1) പ്രകാരം എസ്.എസ്.എൽ.സി ബുക്കിൽ തിരുത്തി ലഭിച്ചിട്ടുണ്ടെന്നും ടി തിരുത്തൽ ഗസറ്റഡ് എൻടൈറ്റിൽമെന്റ് രജിസ്റ്ററിലും കൂടി തിരുത്തി നൽകണമെന്നും അഭ്യർത്ഥിച്ച് സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (2) കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടെയും പരാമർശം (1) നടപടിക്രമത്തിന്റെയും അടിസ്ഥാനത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കണ്ണൂർ ജില്ലയിലെ ഉദയഗിരി കൃഷി ഭവനിൽ കൃഷി ഓഫീസർ തസ്തികയിൽ 16.05.2018-ൽ ജോലിയിൽ പ്രവേശിച്ച് നിലവിൽ തിരുവനന്തപുരം ജില്ലയിലെ വെമ്പായം കൃഷി ഭവനിൽ കൃഷി ആഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീമതി അനുശ്രീ.എസ്.എസ്.-ന്റെ ജനന തീയതി 12/01/1993 എന്ന് സർവ്വീസ് രേഖകളിൽ തിരുത്തൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**VALSALA S D**

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി അനുശ്രീ.എസ്.എസ് (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ

മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/104/2024-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ